LIBRARY ARCHIVES Kerala Legislative Assembly

പട്ടയം ലഭിക്കാത്ത മലയോര കർഷകർ

94 [2158] ശ്രീ. കെ. സുധാകരൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, എം. എ. വാഹീദ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയത്തിനുവേണ്ടി പണം അടച്ചിട്ടും പട്ടയം ലഭിക്കാത്ത എത്ര മലയോര കർഷകരുണ്ട്;

(ബി) ഇവർക്ക് പട്ടയം കൊടുക്കുന്നതിന് കാലതാമസം വരുന്നതെന്തു കൊണ്ടാണ്;

(സി) പട്ടയത്തിനുവേണ്ടി അടച്ച പണം തിരിച്ചുകിട്ടണമെന്ന് എത്ര മലയോര കർഷകർ ആവശ്യപ്പെട്ടിട്ടുണ്ട്;

(ഡി) ഇവർ അടച്ച പണം തിരികെ കിട്ടണമെന്ന് ആവശ്യപ്പെടുവാനുള്ള സാഹചര്യം എന്ത്?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ 27 കേസുകളിലും തൃശ്ശൂർ ജില്ലയിൽ 15 കേസുകളിലും പണമടച്ചിട്ടും പട്ടയം നൽകിയിട്ടില്ല.

(ബി) ഇടുക്കി ജില്ലയിൽ 8 കേസുകളിൽ പട്ടയം നൽകും മുമ്പ് തടിവെട്ടിയതിനാൽ വനം വകുപ്പിന്റെ പരിശോധനയ്ക്ക് നൽകിയിട്ടുള്ളതാണ്. ശേഷിച്ച 19 കേസുകളിൽ ആദിവാസി സെറ്റിൽമെന്റിൽ ഉൾപ്പെട്ടിട്ടുള്ളതാകയാൽ തറവില അടച്ചുവെങ്കിലും 1999-ൽ നിശ്ചയിച്ച നഷ്ടപരിഹാരത്തുക അടയ്ക്കാത്തതിനാലാണ് പട്ടയം നൽകാത്തത്. തൃശ്ശൂർ ജില്ലയിൽ 15 കേസുകളിൽ ഉടനെ പട്ടയം നൽകുന്നതാണ്.

(സി) ഇടുക്കി ജില്ലയിൽ ഒരാൾ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പട്ടയം ലഭിക്കാൻ താമസം നേരിട്ടതുകൊണ്ടാണ്.

സംസ്ഥാനത്ത് നടത്തിയ പട്ടയമേളകൾ

95 [2159] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഇതുവരെ നടത്തിയ പട്ടയമേളകളുടെ എണ്ണം എത്ര;